**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 233** **16-09-2025 - ൽ മറുപടിയ്ക്ക്**

**അവയവമാറ്റ ശസ്ത്രക്രിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ ആശുപത്രികളിൽ നടത്തിയിട്ടുള്ള അവയവമാറ്റ ശസ്ത്രക്രിയയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റ ശസ്ത്രക്രിയകളിൽ 258 വൃക്കമാറ്റ ശസ്ത്രക്രിയകളും 9 കരൾമാറ്റ ശസ്ത്രക്രിയകളും നടന്നു. മരണാനന്തര അവയവദാനത്തിലൂടെ 55 വൃക്കമാറ്റ ശസ്ത്രക്രിയകളും ഒരു കരൾമാറ്റ ശസ്ത്രക്രിയയും നാല് ഹൃദയമാറ്റ ശസ്ത്രക്രിയകളും നടന്നിട്ടുണ്ട്. |
| (ബി) | മരണാനന്തര അവയവമാറ്റ ശസ്ത്രക്രിയ നടപ്പിലാക്കിവരുന്ന സർക്കാർ ആശുപത്രികളുടെ പശ്ചാത്തല സാങ്കേതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് അറിയിക്കാമോ; | (ബി) | തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിലെ സർക്കാർ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലുമാണ് മരണാനന്തര അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള സൗകര്യം ഉള്ളത്. ഹൃദയമാറ്റ ശസ്ത്രക്രിയകൾക്കുള്ള സൗകര്യമുള്ള കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ ഈ സർക്കാരിന്റെ കാലയളവിൽ കരൾമാറ്റ ശസ്ത്രക്രിയകൾക്കുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ, എറണാകുളം ജില്ലാ ആശുപത്രിയിൽ വൃക്കമാറ്റ ശസ്ത്രക്രിയകൾക്കുള്ള സൗകര്യങ്ങൾ ഒരുക്കുകയും, രാജ്യത്ത് ആദ്യമായി ഒരു ജില്ലാതല ആശുപത്രിയിൽ ഹൃദയമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള ലൈസൻസ് നേടുകയും ചെയ്തു. എറണാകുളം ജനറൽ ആശുപത്രിയിൽ ഹൃദയമാറ്റ ശസ്ത്രക്രിയകൾക്കുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായിട്ടുണ്ട്.<br><br>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവെയ്ക്കൽ ശാസ്ത്രക്രിയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതുതായി ഓപ്പറേഷൻ തീയേറ്റർ ലൈറ്റ് സ്ഥാപിക്കുകയും എയർ കണ്ടീഷനിംഗ് സംവിധാനം റിപ്പയർ ചെയ്യുകയും ചെയ്തു. ട്രാൻസ്പ്ലാന്റിലേക്കായി Defibrillator, |

| | | | |
|---|---|---|---|
| | | | Patient warmer system, ECG Machine, ABG machine, Ice Crusherഎന്നീ ഉപകരണങ്ങൾ പുതതായി വാങ്ങിയിട്ടുണ്ട്. അണുബാധ നിയന്ത്രണത്തിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി മാസത്തിൽ നാലോളം ട്രാൻസ്പ്ലാന്റ് ശസ്ത്രക്രിയകൾ ചെയ്യാൻ സാധിക്കുന്നു. 2022-ൽ അനസ്തേഷ്യ വിഭാഗത്തിലെയും ക്രിട്ടിക്കൽ കെയർ വിഭാഗത്തിലെയും കൂടുതൽ ഡോക്ടർമാർക്കും നഴ്സുമാർക്കും പരിശീലനം ലഭിച്ചതിന്റെ ഫലമായി അതിനു ശേഷം നടന്ന കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ സുഗമമായി നടത്തുവാൻ സാധിച്ചു. Transfusion Medicine വിഭാഗത്തിലെ ROTEM എന്ന ഉപകരണം ഉപയോഗിച്ചുമൂലം രക്തം കട്ടപിടിക്കുന്ന പ്രക്രിയ കൂടുതൽ കാര്യക്ഷമമായി നിരീക്ഷിക്കാൻ സാധിച്ചു.<br><br>കോട്ടയം മെഡിക്കൽ കോളേജിൽ വൃക്ക, ഹൃദയം, കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകൾ നടന്നുവരുന്നുണ്ട്. ഈ ശസ്ത്രക്രിയകൾക്കായി എല്ലാ വിഭാഗങ്ങൾക്കും മോഡുലാർ ഓപ്പറേഷൻ തിയേറ്റർ സൗകര്യങ്ങളുണ്ട്. എല്ലാ ഒന്നിടവിട്ട ആഴ്ചകളിൽ വൃക്കമാറ്റ ശസ്ത്രക്രിയകളും രോഗികൾ തയാറാകുന്നതിനനുസരിച്ച് കരൾ മാറ്റ ശസ്ത്രക്രിയകളും മരണാനന്തര അവയവദാനത്തിലൂടെ ലഭിക്കുന്ന അവയവങ്ങളുടെ അലർട് ലഭിക്കുന്നതിനനുസരിച്ചുള്ള അവയവമാറ്റ ശസ്ത്രക്രിയകളും നടത്താറുണ്ട്.<br><br>കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ മരണാനന്തര അവയവദാനം വഴിയും ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാനത്തിലൂടെയും അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നുണ്ട്. പുതുതായി രക്തഗ്രൂപ്പ് മാറ്റിയുള്ള വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയയും നടന്നുവരുന്നു. |
| (സി) | കെ-സോട്ടോ -യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | ഉണ്ട്. കെ-സോട്ടോയുടെ പ്രവർത്തനങ്ങളുടെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായി കൃത്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ-വനിതാ-ശിശുവികസന വകുപ്പ് മന്ത്രി അധ്യക്ഷയായുള്ള ഗവേണിങ് ബോഡിയും ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് കെ-സോട്ടോയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | അവയവം മാറ്റിവെയ്ക്കുന്നതിനായി കെ-സോട്ടോയിൽ രജിസ്റ്റർ ചെയ്തു കാത്തിരിക്കുന്നവർ എത്രയെന്ന് വെളിപ്പെടുത്താമോ? | (ഡി) | 11.09.2025 വരെയുള്ള കണക്ക് പ്രകാരം 2875 പേരാണ് അവയവം മാറ്റിവയ്ക്കുന്നതിനായി കെ-സോട്ടോയിൽ രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നത്. ഇവരിൽ 2214 പേർ വൃക്കയ്ക്കും 524 പേർ കരളിനും 85 പേർ ഹൃദയത്തിനും 10 പേർ പാൻക്രിയാസിനും 3 പേർ ചെറുകുടലിനും 2 പേർ ശ്വാസകോശത്തിനും 31 പേർ ഒന്നിലധികം അവയവങ്ങൾക്കും 6 പേർ കൈ മാറ്റിവയ്ക്കുന്നതിനുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ